## (29.) കീക്കൊഴൂർ സെന്റ് ഫ്രാൻസീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ഒരു കാലത്ത് കീക്കൊഴൂർ പ്രദേശത്തുള്ള മാർത്തോമാ ദേവാലയം പലകാരണങ്ങളാൽ പൂട്ടിയിട്ടു. ഒന്ന രവർഷക്കാലം ഇത് തുടർന്നു. ദൈവസ്നേഹികളായ കുറെ മനുഷ്യർ പരസ്പരം ആലോചിച്ച് ഒരു തീരുമാന ത്തിലെത്തി, നമുക്കൊരു ദേവാലയം വേണം. പല സഭാവിഭാഗത്തിൽപ്പെട്ട മത നേതാക്കന്മാരെ ചെന്നുകണ്ട് വിവരം പറയുകയും ചെയ്തു. പാലച്ചുവട് മാംപിലായ്ക്കൽ തടത്തിൽ തോമസിന്റെ മകൻ വർഗീസിന്റെ കൊയ്യിൽനിന്ന് 25 സെന്റ് സ്ഥലം വാങ്ങി. ആ സ്ഥലത്ത് ചെറിയൊരുപള്ളിയുണ്ട്. മാസത്തിൽ ഒരിക്കൽ വിശുദ്ധ കുർബാനയും നടന്നു. അങ്ങനെ 1933-ൽ ആദ്യത്തെ പള്ളി സ്ഥാപിതമായി.

ഈ കാലഘട്ടത്തിലാണ് ഭാഗ്യസ്മരണാർഹനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് കത്തോലി ക്കാസഭയുമായി പുനരൈക്യപ്പെട്ട വിവരം ജനങ്ങൾ അറിയാനിടയായത്. 6 കുടുംബങ്ങൾ പിതാവിനെ കാണു വാൻ തിരുവനന്തപുരത്ത് എത്തി.

1. മണ്ണായിക്കൽ അങ്ങൂത്ത് കുടുംബം
2. ചിറ്റിലക്കാട്ട് (മരുതൂർ മേപ്പുറത്ത്) തോമസ് തോമസ്
3. ഇടത്തുരുത്തി ശ്രീ. എം.എം.ഫിലിപ്പ്
4. കുന്നുംപടിയ്ക്കൽ കുടുംബം
5. കുന്നത്ത് മത്തായി മത്തായി
6. തേയിങ്കൽ കുഞ്ഞുകുഞ്ഞ്

ഇവരാണ് പിതാവിനെ കാണാൻ പോയവർ, ഈ കുടുംബത്തിലെ പല വ്യക്തികളും ഇപ്പോഴും മലങ്കര കത്തോലിക്കാ സഭയിൽ നിലനിൽക്കുന്നു.

കീക്കൊഴൂരിൽ ഇന്ന് കാണുന്ന യാത്രാ സൗകര്യങ്ങൾ ഇല്ലായിരുന്നു, വള്ളമാണ് യാത്രയ്ക്കായുള്ള പ്രധാ നമാർഗ്ഗം. ജനങ്ങളുടെ ആഗ്രഹമറിഞ്ഞ് അഭിവന്ദ്യ പിതാവ് വള്ളത്തിലാണ് കീക്കൊഴൂരിലെത്തി അവിടുത്തെ സ്ഥിതിഗതികൾ മനസ്സിലാക്കിയത്. പിതാവിന്റെ നിർദേശപ്രകാരം പുതിയ വസ്തു വെളുത്തേടത്തുകാരുടെ കൈയ്യിൽ നിന്നും വാങ്ങി മൂന്ന് വാതിലുകൾ ഉള്ള ഒരു മുറി പണിതു. ആദ്യം വാങ്ങിയ 25 സെന്റ് സ്ഥലം പിന്നീട് മാംപിലായ്ക്കാർക്ക് വിറ്റു. ഈ സ്ഥലകുറച്ചുഭാഗം റോഡുപണിക്കുവേണ്ടി വിട്ടപകൊടുത്തു, റോഡിനുമുക ളിൽ പള്ളിയും റോഡിനുതാഴെ സെമിത്തേരിയും. കുറച്ചു നാളുകൾക്കുശേഷം ഈ കെട്ടിടം പൊളിച്ച് പള്ളി യുടെ മാതൃകയിൽ ഒരു കെട്ടിടം ഉണ്ടാക്കി മാസത്തിൽ രണ്ട് വിശുദ്ധ കുർബാന അർപ്പിച്ചു. കാട്ടൂർ, വയലത്തല എന്നിവിടങ്ങളിൽ നിന്നും വൈദികർ വന്ന് ശുശ്രൂഷ നടത്തി. ആദ്യത്തെ വികാരിയായി കുഴിയംമണ്ണിലച്ചൻ ചാർജ്ജെ ടുത്തു.

ജോൺ പുത്തൻവിള അച്ചന്റെ കാലത്ത് പണിത 40 വർഷം പഴക്കമുള്ള ദേവാലയമാണ് ഇന്നു നാം കാണുന്ന കീക്കൊഴൂർ ദേവാലയം. ജനങ്ങളുടെ ആത്മീയവും ഭൗതീകവുമായി അവരെ ഉന്നതിയിലെത്തിക്കു വാൻ ഇവിടെ സേവനം ചെയ്ത വൈദീകർ കഠിന പ്രയഗ്നം ചെയ്തിട്ടുണ്ട്.

1. ഫാ. ജോൺ പുത്തൻവിളയിൽ
2. ഫാ. ഇലഞ്ഞിമറ്റം കുര്യൻ
3. ഫാ. കുഴിയംമണ്ണിൽ
4. ഫാ. മാത്യു മാടപ്പള്ളിൽ

5. ഫാ. തോമസ്

6. ഫാ. ദാനിയേൽ

7. ഫാ. മാത്യു കയ്യാലയ്ക്കൽ

8. ഫാ. ജേക്കബ് ജോൺ

9. ഫാ. യോഹന്നാൻ മുളമൂട്ടിൽ

10. ഫാ. കോശി ചിറയത്ത്

11. ഫാ. പണിക്കരച്ചൻ

12. ഫാ. ഫീലിപ്പോസ്

13. പൊന്മേലിൽ കോറെപ്പിസ്കോപ്പാ

14. സാമുവേൽ തൈക്കൂട്ടത്തിൽ റമ്പാൻ

15. ഫാ. ജോൺസൺ പാറയ്ക്കൽ

16. ഫാ. സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ

17. ഫാ. വർഗീസ് കൈതോൺ

18. ഫാ. ജോർജ്ജ് വർഗീസ്

19. ഫാ. ഏബ്രഹാം മണ്ണിൽ

20. ഫാ. ആന്റണി വരവൂർ

21. ഫാ. ബെന്നി നാരകത്തിനാൽ

22. ഫാ. പോൾ നിലയ്ക്കൽ തെക്കേതിൽ

23. ഫാ. ടോം

24. ഫാ. മോൺസി കളീയ്ക്കൽ

25. ഫാ. ജോഷ്വാ മാവേലിൽ

26. ഫാ. ഡെന്നി പുളിവേലിൽ

27. ഫാ. കുരിയാക്കോസ് കുത്തിനേത്ത്

28. ഫാ. ജോർജ്ജ് വർഗീസ്

ആദ്യകാലത്ത് സെന്റ് മേരീസ് എന്നായിരുന്നു പള്ളിയുടെ പേര്, പുതിയപള്ളി നിർമ്മിച്ച ശേഷമാണ് സെന്റ് ഫ്രാൻസീസ് അസീസി എന്ന പേരുവന്നത്. ഒരു കാളവണ്ടി പോകുവാനായി കൊടുത്ത സ്ഥലമാണ് പിന്നീട് റോഡായി മാറിയത്. അതിനുശേഷമാണ് അവിടെ കുരിശടി സ്ഥാപിച്ചത്. 2004-2005-ൽ മാടത്തേത്ത് ഇടത്തുരുത്തിയിൽ ശ്രീ. എം.പി.ഏബ്രഹാംമും കുടുംബവും ഇടവകയിൽ ചേരുകയും അവരുടേതായി ഉണ്ടായിരുന്ന 10 സെന്റ് സ്ഥലവും കൊച്ചുചാപ്പലും അരമനയ്ക്ക് എഴുതികൊടുത്തു. അവരോടൊപ്പം വള്ളിക്കാലായിൽ ശ്രീ. ദാസും കുടുംബവും, ശ്രീ. സൈലസും കുടുംബവും ഈ കൂട്ടായ്മയിൽ ചേർന്നു.

അസീസിയുടേയും സഹദായുടേയും തിരുനാളുകൾ ആഘോഷപൂർവം കൊണ്ടാടുന്നു. എല്ലാ വർഷവും നോമ്പുകാല പ്രാർത്ഥനകളും മറ്റ് പ്രാർത്ഥനാ കൂട്ടായ്മകളും നടത്തുന്നു.